അതിനുള്ള കാരണമായി പറയുന്നത് വിദേശത്തു ജോലിക്കുപോയവർ തിരിച്ചുവന്നു എന്നാണ്. ഇവിടെ പ്രൈവറ്റ് സ്കൂളുകളിലും പ്രൈവറ്റ് കോളേജുകളിലും എല്ലാം പ്രൊട്ടക്ഷൻ കൊടുക്കുന്നുണ്ട്. മാനേജ്മെന്റ് നിശ്ചയിക്കുന്ന ആളിന് പ്രൊട്ടക്ഷൻ കൊടുക്കാം. പി. എസ്. സി. പെർമനന്റായി ഗവൺമെന്റ് കോളേജുകളിൽ നിയമിച്ച അറബിക് ടീച്ചർമാർക്ക് സംരക്ഷണം കൊടുക്കണം. അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നില്ലെങ്കിൽ വിശ്വവിജ്ഞാനകോശം, ഷോ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ അവരെ നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അവരെ പിരിച്ചുവിടാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ദീർഘകാലമായി അവധിയെടുത്ത് പുറം രാജ്യങ്ങളിൽ ജോലിക്ക് പോയിരുന്ന പന്ത്രണ്ട് അറബിക് ലെക്ചർമാർ അവിടെയുള്ള പ്രതികൂല സാഹചര്യങ്ങൾ കാരണം മടങ്ങിവരികയും അവരുടെ ലീവ് ക്യാൻസൽ ചെയ്ത് തിരിയെ ജോലിയിൽ പ്രവേശിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇവിടെയുണ്ടായിരുന്ന ഓപ്പൺ വേക്കൻസി നാലെണ്ണമായിരുന്നു. വിദേശത്തുപോയവർ ലീവ് ക്യാൻസൽ ചെയ്തുവന്ന സാഹചര്യത്തിൽ നിലവിലുണ്ടായിരുന്ന എട്ടുപേരെ പിരിച്ചയച്ചുകൊണ്ടാണ് അവരെ പോസ്റ്റ് ചെയ്തത്. പി. എസ്. സി. യുടെ നോട്ടിഫിക്കേഷനിൽ വേക്കൻസി ഹൃസ്വകാലത്തേക്കാണോ ദീർഘ കാലത്തേയ്ക്കാണോ എന്നു പറയാറില്ല.. നിയമപ്രകാരം ഹൃസ്വകാലത്തേക്കുള്ള ഒഴിവുകളിലും പി. എസ്. സി. യുടെ റാങ്ക് ലിസ്റ്റിൽനിന്നുമാണ് ആളെ എടുക്കേണ്ടത്. ഇപ്പോഴത്തെ വേക്കൻസി ഇല്ലാത്തതുകാരണം പിരിച്ച് വിടപ്പെട്ടവരൊക്കെ ആ വിധത്തിൽ നിയമനം കിട്ടിയ ആളുകളാണ്. വിദേശങ്ങളിൽ ജോലി സ്വീകരിക്കുന്നവർക്ക് ചട്ടപ്രകാരം അവർ രാജിവയ്ക്കേണ്ടതില്ല. അവിടെനിന്നും മടങ്ങിവരുമ്പോൾ തിരികെ പഴയ ജോലിയിൽ അവർക്ക് പ്രവേശിക്കാവുന്നതാണ്. ഇനി ഉണ്ടാകുന്ന വേക്കൻസികളിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ മുൻഗണനാക്രമം അനുസരിച്ച് കോളേജ് ലക്ചർമാരായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. മൂന്നുവർഷം മുതൽ ഒരുമാസംവരെ സർവ്വീസിലുണ്ടായിരുന്ന ഇവർക്ക് എല്ലാം പ്രൊട്ടക്ഷൻ കൊടുക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. പ്രൊട്ടക്ഷൻ കൊടുക്കുവാൻ നിർവ്വാഹമില്ല. സ്കൂളുകളിലെ അദ്ധ്യാപകർക്കുതന്നെ ഈ വർഷംമുതൽ പ്രൊട്ടക്ഷൻ കൊടുക്കുന്നതു നിറുത്തിയിരിക്കുകയാണ്. അതുകൊണ്ട് പ്രൊട്ടക്ഷൻ കൊടുക്കുക എന്ന സംവിധാനത്തിലേക്ക് ഇനി പോകാൻ കഴിയില്ല. ഇനി ഉണ്ടാകുന്ന വേക്കൻസികളിൽ അവരെ നിയമിച്ചുകൊണ്ട് അവരുടെ ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാം.

(11) നാലാം ശമ്പളകമ്മീഷൻ റിപ്പോർട്ടിലുള്ള അപാകതകൾ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, നാലാം ശമ്പളകമ്മീഷൻ ശുപാർശയിൽ പല വകുപ്പുകളിലെയും ജീവനക്കാർക്ക് ശമ്പളത്തിൽ പല അപാകതകളും വരുത്തിയിട്ടുണ്ട്. ആ അപാകതകൾ പ്രത്യേകിച്ചും കൃഷിഡിസ്പാർട്ടുമെന്റിലാണ് പ്രകടമായി കാണുന്നത്. കാർഷികബിരുദധാരികളെ പ്രൊഫഷണൽകേഡറിൽ രണ്ടാംതരക്കാരായും ശമ്പളകാര്യത്തിൽ മൂന്നാംതരക്കാരായും മാറ്റിയിരിക്കുന്ന വിധത്തിലാണ് ശമ്പളസ്കെയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രീഡിഗ്രിയും എൻട്രൻസ് പരീക്ഷയും കാർഷികസർവ്വകലാശാലാ ബിരുദവുമെടുത്ത് കൃഷിവകുപ്പിൽ ജോലിചെയ്യുന്ന അഗ്രികൾച്ചറൽ ഓഫീസർമാരുടെ സ്ഥിതി കമ്മീഷൻ അവഗണിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ, എൻജിനീയറിംഗ്, അഗ്രികൾച്ചർ, വെറ്റിനറി തുടങ്ങിയ പ്രൊഫഷണൽ കേഡറുകൾക്ക് തുല്യശമ്പളം നൽകുന്നത് യുക്തവും സന്തോഷകരവുമാണെന്ന് കമ്മീഷൻ പറഞ്ഞുവെങ്കിലും വെറ്റിനറി ബിരുദധാരികൾക്ക് ഉയർന്ന നിരക്കും അഗ്രികൾച്ചറൽ ബിരുദധാരികൾക്ക് കുറഞ്ഞനിരക്കുമാണ്. പ്രഖ്യാപിച്ചിട്ടുള്ളത്. പുതുക്കിയ ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുള്ളത് ഏത് മാനദണ്ഡത്തിലാണെന്ന് മനസ്സിലാകുന്നില്ല. സംസ്ഥാനത്തെ കൃഷിവകുപ്പിനെ ഊർജ്ജസ്വലമാക്കാനും കഴിവുറ്റപ്രതിഭകളെ കൃഷിവകുപ്പിലേക്ക് ആകർഷിക്കാനും ഉതകുന്നവിധത്തിൽ കമ്മീഷന്റെ ശുപാർശകളിൽ ഭേദഗതിവരുത്തി ഈ ശമ്പളകമ്മീഷനിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുന്നു.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, അഗ്രികൾച്ചറൽ ആഫീസർമാർക്കും മെഡിക്കൽ ഓഫീസേഴ്സിനും അതുപോലെയുള്ള മറ്റു സാങ്കേതികവിഭാഗം ഉദ്യോഗസ്ഥൻമാർക്കും തുടക്കത്തിലും പ്രൊമോഷൻ തസ്തികയിലും തുല്യതവേണമെന്ന് നാലാം ശമ്പളകമ്മീഷൻ മുമ്പാകെ നിവേദനം ലഭിച്ചിരുന്നു. കമ്മീഷന്റെ അഭിപ്രായത്തിൽ ഓരോ വിഭാഗത്തിനേയും വിലയിരുത്തുമ്പോൾ അതാതിന്റെ സാങ്കേതികയോഗ്യതയും അതോടൊപ്പംതന്നെ പ്രവർത്തനസാഹചര്യവും പ്രൊമോഷൻ സാധ്യതകളും കണക്കിലെടുക്കേണ്ടതുണ്ട്. സമാനമായ സാഹചര്യം നിലനിൽക്കാത്തിടത്തോളംകാലം ഇത്തരം വിഭാഗങ്ങൾ തമ്മിൽ ശമ്പളസ്കെയിലിലും പ്രൊമോഷൻഗ്രേഡിലും പൂർണ്ണമായ തുല്യത കൈവരുത്താൻ സാധിക്കുകയില്ല എന്നാണ് കമ്മീഷൻ അഭിപ്രായപ്പെട്ടത്. നാലാം ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ കൃഷിവകുപ്പിൽപ്പെട്ട ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർമാരുടെ ശമ്പളപരിഷ്ക്കാരത്തെക്കുറിച്ച് പറയുന്നിടത്ത് അസിസ്റ്റന്റ് എൻജിനീയർമാരും ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർമാരുമായി എൻട്രി ഗ്രേഡിലും ആദ്യത്തെ പ്രൊമോഷൻഗ്രേഡിലും തുല്യതയുള്ള കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ തുല്യത നിലനിറുത്താനും അതേപടി ശമ്പളം പരിഷ്ക്കരിക്കാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രൊമോഷൻ സാധ്യതകൾ വിരളമായതുകൊണ്ടു കമ്മീഷൻ സയൻറിഫിക്ക് അസിസ്റ്റന്റുമാർക്ക് ഒരു സീനിയർഗ്രേഡ് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ ഒന്നാം ഗ്രേഡും രണ്ടാംഗ്രേഡും കൃഷി ഡെമോൺസ്ട്രേറ്റർമാരും തമ്മിൽ നിലവിലുള്ള 1:1 എന്ന അനുപാതം അതേപടി നിലനിറുത്താനും രണ്ട് ഗ്രേഡിലുമുള്ള ആകെ തസ്തികയുടെ പത്തിലൊന്ന് ഇപ്പോഴുള്ളതുപോലെ സീനിയർഗ്രേഡ് തുടരുന്നതിനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൃഷിവകുപ്പിലെ വിവിധവിഭാഗം ജീവനക്കാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന എന്തെങ്കിലും ആനുകൂല്യമോ പരിഗണനയോ കുറയ്ക്കുന്നതിനുള്ള യാതൊരു നിർദ്ദേശവും കമ്മീഷന്റെ റിപ്പോർട്ടിലില്ല. കമ്മീഷൻശുപാർശകൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(12) സീതാറാം ടെക്സ്റ്റൈൽസ് മിൽസ്

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഗവൺമെന്റുടമയിലുള്ളതും 1045 തൊഴിലാളികൾ ജോലി ചെയ്യുന്നതുമായ തൃശ്ശൂരിലെ സീതാറാം ടെക്സ്റ്റൈൽസ് മിൽസ് വളരെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇപ്പോൾതന്നെ കറൻറ് ചാർജ്, പ്രൊവിഡൻറ് ഫണ്ട്, ഇ. എസ്. ഐ. എന്നിവയ്ക്കു കൊടുക്കേണ്ടതും പഞ്ഞിയും പായവും

LIBRARY ARCHIVES Kerala Legislative Assembly